03 മെയ് 2021 തിങ്കൾ

varthamanam.com
varthamanamdaily
varthamanamdaily

# വർത്തമാനം

Varthamanam Malayalam Daily

Thiruvananthapuram
Kozhikode
Malappuram
Kochi
Doha

REGD.NO.KL / CT / 176 / 2014-16

വാല്യം 16 ലക്കം 313 പേജ് 8 വില 5.00 രൂപ

# ചരിത്രം, തുടർഭരണം



- പൂഞ്ഞാർ പി സി ജോർജിനെ കൈവിട്ടു
- സംപൂജ്യമായി ബി.ജെ.പി.
- ഉയർന്ന ഭൂരിപക്ഷവുമായി ഇടതുനേതാക്കൾ
- യു ഡി എഫിന് ഭൂരിപക്ഷത്തിൽ വൻകുറവ്
- അഴിക്കോട് കെ എം ഷാജിക്കു തോൽവി
- കുണ്ടറ മേഴ്സിക്കുട്ടിയമ്മയെ കൈവിട്ടു
- സീറ്റുകളൊന്നുമില്ലാതെ ഇക്കുറിയും ആർ.എസ്.പി.
- അരുവിക്കര, തൃത്താല എൽ ഡി എഫിന് ജയം

**വർത്തമാനം ബ്യൂറോ**

**തിരുവനന്തപുരം:** മുന്നണികളെ മാറിമാറി അധികാരത്തിലേറ്റുകയെന്ന കേരള തെരഞ്ഞെടുപ്പുകളിലെ കഴിഞ്ഞ നാല് ദശാബ്ദത്തിലധികംനീളുന്ന ചരിത്രത്തെ മാറ്റിയെഴുത്തി സംസ്ഥാനത്ത് ഇടതുമുന്നണിയുടെതുടർഭരണം. ഉറപ്പാണ് തുടർഭരണമെന്ന ഇടതുമുന്നണിയുടെ പ്രചാരണ മുദ്രാവാക്യത്തെ കേരളം നെഞ്ചേറ്റിയതിന്റെ തെളിവായി 99 സീറ്റുകൾ നേടിയാണ് ഇടതുമുന്നണി അധികാര തുടർച്ച ഉറപ്പാക്കിയത്. ജനങ്ങളുടെ നേരനുഭവത്തെ മുൻനിർത്തിയാണ് അവർ ഇടതു സർക്കാരിനെ വീണ്ടും അധികാരത്തിലെത്തിച്ചതെന്നും വർഗീയതയോട് വിട്ടുവീഴ്ച്ചചെയ്യാത്ത ഇടതുമുന്നണിയുടെ നിലപാടിന് കിട്ടിയ അംഗീകാരമാണ് ഈ വിജയമെന്നും മുഖ്യമന്ത്രി പിണറായിവിജയൻ പറഞ്ഞു.

## യു ഡി എഫിന് കാലിടറി; ബിജെപിയുടെ അക്കൗണ്ട് പൂട്ടി

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഇടതുമുന്നണിസർക്കാരിന്റെ തുടർഭരണത്തിന് വേണ്ടിയുള്ള ഭരണാനുകൂല വികാരത്തിൽ പ്രതിപക്ഷമായ യു ഡി എഫിന് കാലിടറിയപ്പോൾ വൻ അവകാശവാദങ്ങളുമായി തെരഞ്ഞെടുപ്പുഗോദയിലിറങ്ങിയ ബി ജെ പിക്ക് അവരുടെ അക്കൗണ്ടും നഷ്ടമായി. യു ഡി എഫിന് കഴിഞ്ഞതവണനേടിയ സീറ്റുകൾ പോലും നേടാനായില്ലെന്നുമാത്രമല്ല മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉൾപ്പടെയുള്ള പല പ്രമുഖ നേതാക്കളുടെയും ഭൂരിപക്ഷം ഗണ്യമായികുറയുകയും ചെയ്തു. അരുവിക്കരയിൽ യു ഡി എഫ് സ്ഥാനാർഥി കെ എസ് ശബരിനാഥനും തൃത്താലയിൽ വി ടി ബലറാമും പരാജയപ്പെട്ടു.
പാലക്കാട് യു ഡി എഫ് സ്ഥാനാർഥി ഷാഫി പറമ്പിൽ അവസാന റൗണ്ട് വോട്ടെണ്ണലുകളിൽ മാത്രമാണ് എൻ ഡി എ സ്ഥാനാർഥിയുടെ ലീഡിനെ മറികടന്നത്. ബി ജെ പിയുടെ ഏക സീറ്റായിരുന്ന നേമത്ത് സി പി എമ്മിന്റെ വി ശിവൻകുട്ടി തിളക്കമാർന്ന വിജയം നേടിയാണ് നേമത്തെ ബിജെപിയുടെ അക്കൗണ്ട് പൂട്ടിച്ചത്.
നേമത്തെ ഈ വിജയത്തിലൂടെ ബി ജെ പിയുടെ അക്കൗണ്ട് പൂട്ടിക്കുമെന്ന ഇടതുമുന്നണിയുടെ അവകാശവാദം കൂടിയാണ് നടപ്പിലായത്. വോട്ടെണ്ണലിന്റെ ആദ്യ ചില റൗണ്ടുകളിൽ നേമത്ത് എൻ ഡി എയുടെ കുമ്മനം രാജശേഖരനും പാലക്കാട് ഇ ശ്രീധരനും തൃശൂരിൽ സുരേഷ് ഗോപിയുംമുന്നിട്ടുനിന്നിരുന്നു.
തെരഞ്ഞെടുപ്പിൽ യു ഡി എഫിനുണ്ടായ കനത്ത തിരിച്ചടി വരും നാളുകളിൽ സംസ്ഥാനത്തെ കോൺഗ്രസ് രാഷ്ട്രീയത്തിൽ രൂക്ഷമായ സമവാക്യധ്രുവീകരണങ്ങൾക്ക് വഴിവെക്കുമെന്നുറപ്പാണ്.

## ആഹ്ലാദ ആരവങ്ങളില്ലാതെ തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനദിനവും

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഇടതുമുന്നണിസർക്കാരിന്റെ തുടർഭരണത്തിനായുള്ള ഈ ജനവിധി രാഷ്ട്രീയ ചരിത്രത്തിൽ സവിശേഷ ഇടം പിടിക്കുമ്പോൾ 2021 ലെ നിയമസഭതെരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനവും ചരിത്രത്തിലിടം നേടുകയാണ്. ആഹ്ലാദ പ്രകടനങ്ങളും വിജയാരവ റാലികളുമില്ലാതെ നിശബ്ദമായാണ് കേരളം ഈ ജനവിധി കേട്ടത്.
കോവിഡ് വ്യാപനത്തന്റെ പശ്ചാതലത്തിൽ കനത്ത നിയന്ത്രണങ്ങളിലായിരുന്നുവോട്ടെണ്ണൽ എന്നതിനാൽതന്നെ വോട്ടെണ്ണൽ കേന്ദ്രങ്ങൾക്ക് മുന്നിലുണ്ടാകാറുള്ള സ്വീകരണങ്ങളും മുദ്രാവാക്യം വിളികളുമെന്നും ഈ തെരഞ്ഞെടുപ്പുഫലപ്രഖ്യാപനദിനത്തിലുണ്ടായില്ല.
തെരഞ്ഞെടുപ്പുവിജയത്തിന്റെ ആഹ്ലാദ ആരവങ്ങൾ വീടുകളിലും പാർട്ടി ഓഫീസുകളിലും ഒതുങ്ങി. അതുപോലും കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ച്

## ജനവിധി അംഗീകരിക്കുന്നു: കെ.സുരേന്ദ്രൻ

**തിരുവനന്തപുരം:** നിയമസഭാ തിരഞ്ഞെടുപ്പിലെ ഇടതുപക്ഷത്തിനനുകൂലമായ ജനവിധി അംഗീകരിക്കുന്നതായി ബിജെപി സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രൻ.
പ്രതീക്ഷിച്ച സീറ്റുകളിൽ വിജയിക്കാൻ സാധിച്ചില്ല. എൻഡിഎക്ക് വിജയപ്രതീക്ഷയുള്ള മണ്ഡലങ്ങളിൽ മുസ്ലിം വോട്ടുകളുടെ ധ്രുവീകരണമുണ്ടായി. പാലക്കാടും നേമത്തും മഞ്ചേശ്വരത്തുമെല്ലാം വർഗീയ ധ്രുവീകരണമുണ്ടായി. തിരഞ്ഞെടുപ്പ് പ്രകടനത്തെ കുറിച്ച് പാർട്ടിക്കകത്തും മുന്നണിയിലും വിശദമായ പഠനം നടത്തും. എൻഡിഎയെ പരാജ



യപ്പെടുത്താൻ ആസൂത്രിതമായ നീക്കം നടന്നു. നിയമസഭയിൽ പ്രാതിനിധ്യമില്ലെങ്കിലും ജനങ്ങൾക്കിടയിൽ ശക്തമായി പ്രവർത്തിക്കും. ഇടതുപക്ഷത്തിനെതിരെ ആശയപരമായ പോരാട്ടം തുടരുമെന്നും സുരേന്ദ്രൻ പറഞ്ഞു

## പാലയിൽ ജോസ് കെ. മാണി തോറ്റു; വടകരയിൽ കെ കെ രമക്ക് ജയം

**കൊച്ചി:** യു ഡി എഫിൽനിന്ന് പുറത്തുവന്ന് ഇടതുമുന്നണിയുടെ ഭാഗമായി പാലയിൽ തെരഞ്ഞെടുപ്പുനേരിട്ട കേരളകോൺഗ്രസ് നേതാവ് ജോസ് കെ മാണിക്ക് പരാജയം. പാല സീറ്റ് നഷ്ടമാവുമെന്നതിനാൽ പാലവിടാനാവില്ലെന്ന് പ്രഖ്യാപിച്ച് യു ഡി എഫിലെത്തി പാലയിൽ മത്സരിച്ച മാണി സി കാപ്പനാണ് പാലയിൽനിന്ന് വിജയിച്ചത്. വടകരയിൽ യു ഡി എഫ് പിന്തുണയോടെ മത്സരിച്ച ആർ എം പി നേതാവ് കെ കെ രമ വടകരയിൽ നിന്ന് മികച്ചവിജയമാണ് നേടിയത്. പാലയിൽ ജോസ് കെ മാണി പരാജയപ്പെട്ടെങ്കിലും അഞ്ച് മണ്ഡലങ്ങളിൽ ജോസ് കെ മാണിയുടെ പാർട്ടി സ്ഥാനാർഥികൾ വിജയിച്ചു.

## ജനവിധി അപ്രതീക്ഷിതം: മുല്ലപ്പള്ളി

**തിരുവനന്തപുരം:** ജനവിധി അപ്രതീക്ഷിതമാണെന്ന് കെപിസിസി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ. എൽഡിഎഫിന് അനുകൂല ജനവിധി ഉണ്ടാകാനുള്ള സാഹചര്യം കേരളത്തിലില്ലായിരുന്നു.പരാജയത്തെ പരാജയമായി കാണുന്നു.കോൺഗ്രസിന്റെ ആത്മവിശ്വാസം ഒരുകാലത്തും തകർന്നിട്ടില്ല. 2001 ലെ നിയമസഭ തെരഞ്ഞെടുപ്പിൽ 99 സീറ്റ് നേടി അധികാരത്തിൽ വന്ന സംസ്ഥാനമാണിത്. ജനവിധിയെ മാനിക്കുന്നു.തിരിച്ചടികൾ ഉണ്ടായപ്പോഴെല്ലാം വിശദമായി പഠിച്ച് വിലയിരുത്തി വർധിതവീര്യത്തോടെ മുന്നോട്ട്



പോയിട്ടുണ്ട്.പരാജയകാരണങ്ങൾ വിശദമായി പരിശോധിക്കും. കോൺഗ്രസ് പ്രവർത്തകരോടും ജനങ്ങളോടും നന്ദി പറയുന്നു. വിജയിച്ച യുഡിഎഫ് സ്ഥാനാർത്ഥികളെ അഭിനന്ദിക്കുന്നുവെന്നും മുല്ലപ്പള്ളി പറഞ്ഞു.

## കേരള നിയമസഭാ തെരഞ്ഞെടുപ്പ് ഫലം 2021

**എൽ.ഡി.എഫ്. - 99** | **യു.ഡി.എഫ്. - 45** | **എൻ.ഡി.എ. - 0**

| | | | | | | |
|---|---|---|---|---|---|---|
| **തിരുവനന്തപുരം** | **പത്തനംതിട്ട** | **കോട്ടയം** | **എറണാകുളം** | **പാലക്കാട്** | **കോഴിക്കോട്** | **കണ്ണൂർ** |
| ആകെ സീറ്റ് - 14 | ആകെ സീറ്റ് - 5 | ആകെ സീറ്റ് - 9 | ആകെ സീറ്റ് - 14 | ആകെ സീറ്റ് - 12 | ആകെ സീറ്റ് - 13 | ആകെ സീറ്റ് - 11 |
| എൽ.ഡി.എഫ്. - 13 | എൽ.ഡി.എഫ്. - 5 | എൽ.ഡി.എഫ്. - 5 | എൽ.ഡി.എഫ്. - 9 | എൽ.ഡി.എഫ്. - 10 | എൽ.ഡി.എഫ്. - 11 | എൽ.ഡി.എഫ്. - 9 |
| യു.ഡി.എഫ്. - 1 | യു.ഡി.എഫ്. - 0 | യു.ഡി.എഫ്. - 4 | യു.ഡി.എഫ്. - 5 | യു.ഡി.എഫ്. - 2 | യു.ഡി.എഫ്. - 2 | യു.ഡി.എഫ്. - 2 |
| **കൊല്ലം** | **ആലപ്പുഴ** | **ഇടുക്കി** | **തൃശൂർ** | **മലപ്പുറം** | **വയനാട്** | **കാസർഗോഡ്** |
| ആകെ സീറ്റ് - 14 | ആകെ സീറ്റ് - 9 | ആകെ സീറ്റ് - 5 | ആകെ സീറ്റ് - 13 | ആകെ സീറ്റ് - 16 | ആകെ സീറ്റ് - 3 | ആകെ സീറ്റ് - 5 |
| എൽ.ഡി.എഫ്. - 9 | എൽ.ഡി.എഫ്. - 8 | എൽ.ഡി.എഫ്. - 4 | എൽ.ഡി.എഫ്. - 12 | യു.ഡി.എഫ്. - 12 | യു.ഡി.എഫ്. - 2 | എൽ.ഡി.എഫ്. - 3 |
| യു.ഡി.എഫ്. - 2 | യു.ഡി.എഫ്. - 1 | യു.ഡി.എഫ്. - 1 | യു.ഡി.എഫ്. - 1 | എൽ.ഡി.എഫ്. - 4 | എൽ.ഡി.എഫ്. - 1 | യു.ഡി.എഫ്. - 2 |

## പ്രതിപക്ഷത്തിന്റെ നിഷേധാത്മക രാഷ്ട്രീയത്തിന് ജനങ്ങൾ നൽകിയ തിരിച്ചടി: കാനം രാജേന്ദ്രൻ

**തിരുവനന്തപുരം:** പ്രതിപക്ഷത്തിന്റെ നിഷേധാത്മക രാഷ്ട്രീയത്തിന് ജനങ്ങൾ നൽകിയ തിരിച്ചടിയാണ് നിയമസഭാ തെരഞ്ഞെടുപ്പു ഫലമെന്നു സിപിഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ. പ്രതിപക്ഷം പ്രചരിപ്പിച്ച അപവാദങ്ങൾക്കും അഴിച്ചുവിട്ട നുണ പ്രചാരണങ്ങൾക്കും ജനങ്ങൾ ഒരു വിലയും കൽപ്പിച്ചില്ലെന്നു തെരഞ്ഞെടുപ്പു ഫലം തെളിയിക്കുന്നു. 35



സീറ്റു ലഭിച്ചാൽ കേരളം ഭരിക്കുമെന്നു സ്വപ്നം കാണുന്നതിന് മര്യാദവേണ്ടെയെന്നും കാനം